بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 19.04.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

19.04.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

## നബി(സ) തിരുമേനിയുടെ ഉന്നത ശ്രേണിയിലുള്ള ബദരീ സഹാബി ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊനെ കുറിച്ചുള്ള വിശ്വാസദൃഢീകരണസംഭവങ്ങളുടെ ഹൃദയസ്പൃക്കായ വിവരണം.

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ۝ اَلرَّحْمٰنِ الرَّحِیْمِ۝ مٰلِکِ یَوْمِ الدِّیْنِ۝ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ۝

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ۝ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ۝ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ۝

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി:

ഇന്ന് ഞാൻ വിവരിക്കുന്ന ബദരീ സഹാബിയുടെ പേര് ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊൻ എന്നാണ്. മക്കയിലെ ഖുറൈശികളുടെ ഗോത്രമായ ജംഹുമായാണ് അദ്ദേഹത്തിന്റെ ബന്ധം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നബി(സ)യുടെ നുബൂവത്ത് വാദത്തിന് ശേഷം ഉണ്ടായ ആദ്യസംഭവങ്ങൾ വിവരിച്ച് കൊണ്ട് പറയുന്നു: പ്രവാചക ദൗത്യത്തിന്റെ ആരംഭകാലത്ത്തന്നെ തൽഹ, സുബൈർ, ഉമർ, ഹംസ, ഉസ്മാൻ ബിൻ മസ്ഊൻ എന്നിവരെ നബി(സ)യ്ക്ക് ലഭിച്ചു. അതിൽ ഒരോരുത്തരും അദ്ദേഹത്തിൽ അനുരക്തരായിരുന്നു. എല്ലാ വ്യക്തികളും അദ്ദേഹത്തിന്റെ വിയർപ്പുത്തുള്ളികൾക്ക് പകരമായി അവരുടെ രക്തം ഒഴുക്കാൻ തയ്യാറായിരുന്നു. ആ പതിമൂന്ന് വർഷക്കാലം പ്രശ്നങ്ങൾ വന്നതിലും പ്രയാസങ്ങൾ ഉണ്ടായതിലും ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നതിലും യാതൊരു സംശയവുമില്ല. എന്നാൽ മക്കാവാസികളിൽ ബുദ്ധിയുള്ളവരും വിവേകമുള്ളവരും പദവിയുള്ളവരും ഭയഭക്തിയുള്ളവരും പരിശുദ്ധരായവരും തന്നെ വിശ്വസിച്ചിരിക്കുന്നുവെന്ന കാര്യത്തിൽ നബി(സ) തൃപ്തനായിരുന്നു. മുസ്‌ലിംങ്ങളെ ഒരു ശക്തിയായി മനസ്സിലാക്കിയിരുന്നു. ഇനി ആരെങ്കിലും റസൂൽ കരീം(സ)യെ കുറിച്ച് നഊദ് ബില്ലാഹ് ഭ്രാന്തനെന്ന് പറഞ്ഞാൽ അയാളുടെ കൂട്ടാളിതന്നെ അയാളോട് ചോദിക്കും, അദ്ദേഹം ഭ്രാന്തനായിരുന്നുവെങ്കിൽ വലിയ ബുദ്ധിയും വിവേകവുമുള്ള ഇന്ന വ്യക്തി അദ്ദേഹത്തെ എന്ത് കൊണ്ടാണ് അംഗീകരിച്ചത്. ഈ മറുപടിക്ക് മുന്നിൽആർക്കും നില്ക്കകള്ളി ഉണ്ടാകുമായിരുന്നില്ല.

യൂറോപ്യൻ ഗ്രന്ഥകാരന്മാർ റസൂൽ കരീം(സ)യെ ഒരുപാട്‌വിമർശിക്കുന്നു. എന്നാൽ അബൂബക്കറിന്റെ പേര് വരുമ്പോൾ അവർ പറയുന്നു, അദ്ദേഹം വളരെ നിസ്വാർത്ഥനായിരുന്നു. പറയുന്നു: അബൂബക്കർ വിശ്വസിച്ച വ്യക്തി എങ്ങനെ അസത്യവാനാകും? തീർച്ചയായും അദ്ദേഹവും പ്രശംസാർഹനാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ച് പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ തുടക്കത്തിൽ തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിരുന്നു. അതിന് ശേഷം ഒരുപറ്റം അഭ്യസ്തവിദ്യരും അദ്ദേഹത്തോടൊപ്പം ചേർന്നു. അല്ലാഹു അന്യസമൂഹങ്ങൾ പ്രശംസിച്ച് കൊണ്ടിരുന്ന കുട്ടാളികളെ അദ്ദേഹത്തിന് നല്കി.

മറ്റൊരു സ്ഥലത്ത് മക്കയിലെ അവിശ്വാസികളുടെ അസൂയയും കുശുമ്പും വിവരിച്ച് കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, അല്ലാഹു വിവിധങ്ങളായ സാഹചര്യങ്ങൾ ഉണ്ടാക്കിയതിനാൽ അവിശ്വാസികൾക്ക് ഈർഷ്യ ഏറിവന്നു. റസൂലുല്ലാഹ്(സ)യുടെ ദാസത്വത്തിൽ ഉൾപ്പെടാത്ത അംഗങ്ങളുള്ള ഒരു വലിയ കുടുംബവും അവിടെ ഉണ്ടായിരുന്നില്ല. ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊൻ അത്തരത്തിലുള്ള ഒരു വലിയ കുടുംബത്തിൽ ഉൾപ്പെട്ടയാളായിരുന്നു. ചുരുക്കത്തിൽ ആയിരകണക്കിനാളുകൾ ഇസ്‌ലാമിന്റെശത്രുകളായിരുന്നു എന്നാൽ അവരുടെ സന്താനങ്ങൾ സ്വയംതങ്ങളെ മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ പാദങ്ങളിൽ സമർപ്പിച്ചു. അവർ യുദ്ധഭൂമിയിൽ അവരുടെ പിതാക്കൾക്കും ബന്ധുകൾക്കും എതിരിൽ വാളുകൾ വീശി.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇബ്നു ഇസ്ഹാഖിന്റെ വീക്ഷണത്തിൽ ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊൻ, പതിമൂന്ന് ആളുകൾക്ക് ശേഷമാണ് ഇസ്‌ലാംസ്വീകരിച്ചത്. അദ്ദേഹവും തന്റെ മകൻ സായിബും മുസ്‌ലിംങ്ങളുടെ ഒരു ജമാഅത്തിനോടൊപ്പം ഹബ്ശയിലേയ്ക്ക് ഹിജ്റത്ത് ചെയ്തു. ഹബ്ശയിൽ താമസിച്ച് കൊണ്ടിരുന്ന സമയത്ത് ഖുറൈശികൾ എല്ലാവരും വിശ്വസിച്ചുവെന്ന വാർത്ത അവർക്ക് ലഭിച്ചു. അപ്പോൾ അവർ മക്കയിലേയ്ക്ക് തിരിച്ച് വന്നു. എന്നാൽ മക്കയിലെത്തിയപ്പോൾ ആ വാർത്ത വ്യാജമായിരുന്നുവെന്ന് മനസ്സിലായി. അതിൽ കുറച്ച് പേർ തിരിച്ച് പോയി. മറ്റ്ചിലർ അഭയം കരസ്ഥമാക്കി മക്കയിൽ പ്രവേശിച്ചു. ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊൻ(റ) വലീദ് ബിൻ മുഗയ്റയുടെ അഭയത്തിൽ പ്രവേശിച്ചു. മക്കയിൽ വന്നപ്പോൾ അദ്ദേഹത്തിന് മനസ്സിലായി നബി(സ)യ്ക്കും അദ്ദേഹത്തിന്റെ സഹാബത്തിനും പ്രയാസങ്ങൾ നല്കി കൊണ്ടിരിക്കുകയാണ്.

അവരുടെമേൽ അക്രമം ചെയ്ത് കൊണ്ടിരിക്കുന്നു. അദ്ദേഹം വലീദിനോട് പറഞ്ഞു: നിങ്ങൾ എന്റെ അഭയം തരിച്ച് എടുക്കുക. എനിക്ക് അല്ലാഹുവിന്റെ അഭയം മതിയായതാണ്. വലീദ് പറഞ്ഞു: അല്ലയോ സഹോദരപുത്രാ! നിനക്ക് എന്റെ അഭയത്തിൻ കീഴിൽവല്ല ബുദ്ധിമുട്ടോ, അപമാനമോ സഹിക്കേണ്ടതായി വന്നോ? ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: ഇല്ല. എന്നാലും എനിക്ക് അല്ലാഹുവിന്റെ അഭയം മതി. അതിൽ വലീദ് പറഞ്ഞു: എങ്കിൽ പിന്നെ നീ കഅ്ബ മന്ദിരത്തിൽ ചെന്ന് വിളംബരംചെയ്ത് എന്റെ അഭയം തിരിച്ച് നല്കുക. ഹദ്റത്ത് ഉസ്മാൻ കഅ്ബയിലേയ്ക്ക് പോയി, എല്ലാവരുടെയും മുന്നിൽവെച്ച് അഭയം തിരിച്ച് നല്കുന്നുവെന്ന് വിളംബരം ചെയ്തു.

ഹുസൂർ അൻവർ പറയുന്നു: ഈ ഹബ്ശയിലേക്കുള്ള ഹിജ്റത്ത് സംഭവം അല്പം വിവരിക്കാം. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു, മുസ്ലിംകളിൽ ഏല്പ്പിച്ചിരുന്ന പ്രയാസങ്ങൾ അതിന്റെ പാരമ്യതയിൽ എത്തുകയുംഖുറൈശികളുടെ പീഢനമുറകൾ അനുദിനം വർധിക്കുകയും ചെയ്തപ്പോൾ നബി(സ) മുസ്ലിംങ്ങളോട് പറഞ്ഞു: നിങ്ങൾ ഹബ്ശയിലേയ്ക്ക് ഹിജ്റത്ത് ചെയ്യുക. പറഞ്ഞു: ഹബ്ശയിലെ രാജാവ് നീതിമാനും ന്യായാധിപനുമാകുന്നു. അങ്ങനെ നുബുവ്വത്തിന്റെ അഞ്ചാം വർഷം റജബ് മാസത്തിൽ പതിനൊന്ന് പുരുഷൻമാരും നാല് സ്ത്രീകളും ഹബ്ശയിലേയ്ക്ക് ഹിജ്റത്ത് ചെയ്തു. അതിലുള്ള ഒരു പ്രത്യേകമായ കാര്യം ഇതാണ്, പ്രാരംഭ മുഹാജിറുകളിൽ അധികപേരുംഖുറൈശികളുടെ ഉന്നതകുലത്തിൽപ്പെട്ടവരായിരുന്നു. ഇതിൽ നിന്ന് രണ്ട് കാര്യങ്ങൾ മനസ്സിലാകുന്നു. ഒന്ന്, ശക്തരായ ഗോത്രത്തിൽ ഉൾപ്പെട്ടവരും ഖുറൈശികളുടെ ഉപദ്രവത്തിൽ നിന്നും മോചിതരായിരുന്നില്ല. രണ്ട്, അടിമകളെ പോലെയുള്ള ബലഹീനർ ആ സമയം എത്രമാത്രം ബലഹീനതയിലും നിസ്സഹായതയിലും കഴിഞ്ഞിരുന്നുവെന്നാൽ അവർക്ക് ഹിജ്റത്ത് ചെയ്യാൻ പോലുംശക്തിയുണ്ടായിരുന്നില്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തന്റെതായ ശൈലിയിൽ ഈ സംഭവംവിവരിച്ച് കൊണ്ട് എഴുതുന്നു: അവർ മക്ക വിട്ടു പോയ സംഭവം അങ്ങേയറ്റംവേദനാജനകമായിരുന്നു. അക്കാരണത്താൽ അവരുടെ മാനസികാവസ്ഥ എന്തായാലും പരിതാപകരം തന്നെയായിരുന്നു മാത്രമല്ല അവരെ പുറമെ കാണുന്നവരിൽ പോലും അവരുടെ ദുഃഖം വലിയ നിലയിൽ പ്രതിഫലിച്ചു. അങ്ങനെ ഈ സംഘം പുറപ്പെടാൻ തുടങ്ങവേ, ഹദ്റത്ത് ഉമർ ആ സമയത്ത് വിശ്വാസി ആയിരുന്നില്ല, ഇസ്ലാമിന്റെ വലിയ ശത്രുവായിരുന്നു. യാദൃശ്ചികമായി ആ സംഘത്തിലെ ചിലയാളുകളെ കണ്ടു. അതിൽ ഉമ്മെ അബ്ദുല്ലായെന്ന് പേരുള്ള ഒരു സഹാബിയ ഉണ്ടായിരുന്നു. സാധനങ്ങൾ കെട്ടിവെച്ച് തയ്യാറാകപ്പെട്ട സവാരിയെ കണ്ടപ്പോൾ തന്നെ അദ്ദേഹത്തിന് ഇവർ മക്ക ഉപേക്ഷിച്ച് പോകുകയാണെന്ന് മനസ്സിലായി. അദ്ദേഹം പറഞ്ഞു: അല്ലയോ ഉമ്മെ അബ്ദുല്ലാഹ്! ഇത് ഹിജ്റത്തിന്റെ സാധനങ്ങൾ പോലുണ്ടല്ലോ? ഉമ്മെ അബ്ദുല്ലാഹ് പറയുന്നു: ഞാൻ മറുപടിയായി പറഞ്ഞു, അതെ, അല്ലാഹുവാണ! ഞങ്ങൾ മറ്റൊരു രാജ്യത്തേയ്ക്ക് പോകുന്നതാണ്. കാരണം നിങ്ങൾ ഞങ്ങളെ വേദനിപ്പിച്ചു. ഞങ്ങളുടെമേൽ അക്രമം ചെയ്തു. അല്ലാഹു ഞങ്ങൾക്കായി എളുപ്പവും സമാധാനവും ഉണ്ടാക്കുന്നത് വരെ ഞങ്ങൾ ഞങ്ങളുടെ രാജ്യത്തേക്ക് മടങ്ങി വരില്ല. ഉമ്മെ അബ്ദുല്ലാഹ് വിവരിക്കുന്നു, ഉമർ പറഞ്ഞു: ദൈവം നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ. പിന്നെ പെട്ടെന്ന് മുഖംതിരിച്ച് അവിടെ നിന്ന് പോയി. ആ സംഭവം അദ്ദേഹത്തിന്റെ പ്രകൃതത്തിൽ വലിയ ദുഃഖം ഉണ്ടാക്കിയെന്ന് എനിക്ക് തോന്നി.

മക്കാവാസികൾക്ക് ഈ വിവരം ലഭിച്ചപ്പോൾ അവർ ഹബ്ശയിലെ രാജാവിന്റെ സമീപത്തേക്ക് മുസ്ലിംങ്ങളെ മക്കകാർക്ക് തിരിച്ച് നല്കുന്നതിനു വേണ്ടി മുസ്ലിംങ്ങൾക്ക് എതിരിൽഒരു സംഘം ആളുകളെ അയക്കാൻ തീരുമാനിച്ചു. ഈ സംഘം ഹബ്ശയിലെത്തി. രാജാവിനെ കണ്ടു. രാജ്യസദസ്സ്യരെയും അവർ വേണ്ടുവോളം ഇളക്കി വിട്ടു. എന്നാൽ അല്ലാഹു ഹബ്ശയിലെ രാജാവിന്റെ ഹൃദയത്തിന് ശക്തി പകർന്നു. അത്രമാത്രം നിർബന്ധംചെലുത്തിയിട്ടും അതുപോലെ ദർബാരികളുടെ നിർബന്ധം കണ്ടിട്ടും അദ്ദേഹം മുസ്ലിംങ്ങളെ അവിശ്വാസികൾക്ക് നല്കുന്നതിനെ എതിർത്തു. ഈ സംഘം പരാജിതരായി തിരിച്ചെത്തിയപ്പോൾ മക്കാവാസികൾ മുസ്ലിംങ്ങളെ തിരിച്ച് വിളിക്കാൻ മറ്റൊരു പദ്ധതി ആവിഷ്കരിച്ചു. അവർ ഹബ്ശയിലേയ്ക്ക് പോകുന്ന ചില കച്ചവടസംഘങ്ങളിൽ മക്കയിലുള്ളവർ എല്ലാം ഇസ്ലാം സ്വീകരിച്ചുവെന്ന വാർത്ത പ്രസിദ്ധപ്പെടുത്തി. ഈ വാർത്ത ഹബ്ശയിലെത്തിയപ്പോൾ എല്ലാ മുസ്ലിംകളും സന്തോഷത്തോടെ മക്കയിലേയ്ക്ക് തിരിച്ചു. എന്നാൽ മക്കയ്ക്ക് അരികിൽ എത്തിയപ്പോൾ അതൊരു കൗശലമെന്ന നിലയിൽ പ്രചരിപ്പിച്ചതാണെന്നും അതിൽ യാതൊരു യാഥാർത്ഥ്യവുമില്ലായെന്നും അവർക്ക് മനസിലായി. അതിൽ കുറച്ചാളുകൾ ഹബ്ശയിലേയ്ക്ക് തിരിച്ച് പോയി. മറ്റ്ചിലർ മക്കയിൽ തന്നെ താമസിച്ചു. ആ താമസിച്ചവരിൽ ഉസ്മാൻ ബിൻ മസ്ഊനും ഉണ്ടായിരുന്നു. അദ്ദേഹം മക്കയിലെ വലിയൊരു നേതാവിന്റെ മകനായിരുന്നു. ഇത്തവണ അദ്ദേഹത്തിന്റെ പിതാവിന്റെ സുഹൃത്ത് വലീദ് ബിൻ മുഗയ്റ അദ്ദേഹത്തിന് അഭയം നല്കിയിരുന്നു. ആ അഭയത്തിൻ കീഴിൽ അദ്ദേഹം താമസിക്കാൻ തുടങ്ങി. ആ സമയങ്ങളിൽ അദ്ദേഹം ചില മുസ്ലിംങ്ങളെ ബുദ്ധിമുട്ടിക്കുന്നതും അവരിൽ അതികഠിനമായ പ്രയാസങ്ങൾ ഉണ്ടാകുന്നതായും കണ്ടു. എന്നാൽ അദ്ദേഹം ആത്മാഭിമാനമുള്ള ഒരു യുവാവ് ആയിരുന്നു. അദ്ദേഹം വലീദിന്റെ അടുത്ത് ചെന്നു. അദ്ദേഹത്തോട് പറഞ്ഞു: ഞാൻ നിങ്ങളുടെ അഭയംതിരിച്ച് നല്കുകയാണ്. കാരണം മറ്റ് മുസ്ലിംകൾ ദുഃഖിക്കുമ്പോൾ എനിക്ക് സമാധാനത്തിൽ കഴിയുവാൻ സാധിക്കില്ല. അങ്ങനെ വലീദ് വിളംബരംചെയ്തു, ഉസ്മാൻ ഇനി മുതൽ എന്റെ അഭയത്തിലായിരിക്കില്ല.

ഒരിക്കൽ അറേബ്യയിലെ പ്രസിദ്ധനായ കവി, ലബീദ് മക്കയിലെ നേതാക്കൻമാരോടൊപ്പം ഇരുന്ന് തന്റെ കവിത

കൾ കേൾപ്പിക്കുയായിരുന്നു. അങ്ങനെ ഈ വരി എത്തിയപ്പോൾ وكل نعيم لا محالة زائل അതിന്റെ അർഥം എല്ലാ അനുഗ്രഹങ്ങളും അവസാനം മാഞ്ഞ് പോകുന്നതാണ്. ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊൻ പറഞ്ഞു: ഇത് തെറ്റാണ്, സ്വർഗത്തിലെ അനുഗ്രഹങ്ങൾ എന്നന്നേയ്ക്കും നിലനിൽക്കുന്നതാണ്. ലബീദ് വലിയ പ്രമാണിയായിരുന്നു. ഈ ഉത്തരംകേട്ട് വലിയ ആത്മീയരോഷമുണ്ടായി. അദ്ദേഹം പറഞ്ഞു: അല്ലയോ ഖുറൈശികളേ! നിങ്ങളുടെ അതിഥികൾ മുമ്പ് ഇതുപോലെ അപമാനിതരായിട്ടില്ല. എന്ന് മുതലാണ് ഈ രീതി ആരംഭിച്ചത്? അപ്പോൾ ഒരു വ്യക്തി പറഞ്ഞു: ഇതൊരു വിഢിയാണ്. അവന്റെ സംസാരം ശ്രദ്ധിക്കേണ്ടതില്ല. ഹദ്റത്ത് ഉസ്മാൻ തന്റെ വാക്കുകളിൽ ഉറച്ച് നിന്നു. എന്നിട്ട് പറഞ്ഞു: ഇതിൽ എന്ത് വിഢിത്തമാണുള്ളത്? ഞാൻ പറഞ്ഞ കാര്യംസത്യമാണ്. അതിൽ ഒരു വ്യക്തി എഴുന്നേറ്റ് ശക്തിയിൽ അദ്ദേഹത്തെ മുഷ്ടി ചുരുട്ടി ഇടിച്ചു. അതുമൂലം അദ്ദേഹത്തിന്റെ ഒരു കണ്ണ് പുറത്ത് വന്നു. അദ്ദേഹത്തിന് മുമ്പ് അഭയം നല്കിയരുന്ന വലീദ് ആ സമയം സദസ്സിൽ ഉപവിഷ്ടനായിരുന്നു. അദ്ദേഹത്തിന് ഉസ്മാൻ ബിൻ മസ്ഊന്റെ പിതാവുമായി ആഴത്തിലുള്ള സൗഹൃദമായിരുന്നു ഉണ്ടായിരുന്നത്. തന്റെ മരണപ്പെട്ട സുഹൃത്തിന്റെ മകന്റെ ഈ അവസ്ഥ കണ്ട് നിൽക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. എന്നാൽ മക്കയിലെ രീതി അനുസരിച്ച് ഉസ്മാൻ അദ്ദേഹത്തിന്റെ അഭയത്തിൽ ഇല്ലാത്ത കാരണം സഹായിക്കാനും സാധിക്കുമായിരുന്നില്ല. അതുകൊണ്ട് മറ്റൊന്നുംചെയ്യാൻ സാധിച്ചില്ല. അങ്ങേയറ്റം വിഷമത്തോടെ ഉസ്മാനെ അഭിമുഖീകരിച്ച് കൊണ്ട് പറഞ്ഞു: അല്ലയോ എന്റെ സഹോദരപുത്രാ! അല്ലാഹുവാണ! നീ ഒരു ശക്തമായ അഭയത്തിൻ കീഴിലായിരുന്നുവെങ്കിൽ നിന്റെ കണ്ണുകൾ തീർച്ചയായും ഈ പ്രയാസത്തിൽ നിന്ന് രക്ഷപ്രാപിക്കുമായിരുന്നു. എന്നാൽ നീ സ്വയം ആ അഭയത്തെ ഉപേക്ഷിച്ചതിനാൽ ഈ ദിവസം നിനക്ക് ഇത്കാണേണ്ടതായി വന്നു. ഉസ്മാൻ മറുപടിയായി പറഞ്ഞു: എനിക്ക് ഈ സംഭവിച്ചത് ഞാൻ ആഗ്രഹിച്ചിരുന്നത് തന്നെയാണ്. നിങ്ങൾ എന്റെ നഷ്ടപ്പെട്ട കണ്ണു കളെ കുറിച്ച് ആലോചിച്ച് ദുഃഖിക്കുന്നു. എന്നാൽ എന്റെ ആരോഗ്യമുള്ള കണ്ണ്, തന്റെ സഹോദരിക്ക് (നഷ്ടപ്പെട്ട കണ്ണിന്) സംഭവിച്ചത് പോലെ എനിക്ക് എന്തുകൊണ്ട് സംഭവിച്ചില്ലയെന്ന് ഓർത്ത് തുടിക്കുകയാണ്. വലീദിന് ഉസ്മാൻ ഈ മറുപടിയും നല്കി, മുഹമ്മദ് റസുലുല്ലാഹ് (സ)ന്റെ മാതൃക എനിക്ക് മതിയായതാണ്. അദ്ദേഹം പ്രയാസങ്ങൾ സഹിക്കുമ്പോൾ എനിക്ക് എന്തുകൊണ്ട് സഹിച്ച് കൂടാ? എനിക്ക് അല്ലാഹുവിന്റെ സഹായംമതി.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു: ഉസ്മാൻ ബിൻ മസ്ഊൻ ഇവ്വിധം മറുപടി നല്കാൻ കാരണം, അദ്ദേഹം വിശുദ്ധ ഖുർആൻ ശ്രവിക്കുകയും ഇസ്ലാമിക അധ്യാപനങ്ങൾ മനസ്സിലാക്കുകയുംചെയ്തിരുന്നു. വിശുദ്ധ ഖുർആൻ പാരായണംചെയ്തിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ മുന്നിൽ കവിതകൾക്ക് യാതൊരു യാഥാർത്ഥവുമില്ലാതായി. എന്നുമാത്രമല്ല ഈ ലബീദ് മുസ്ലിം ആയപ്പോൾ അദ്ദേഹവും ഇതേ രീതി തന്നെയാണ് സ്വീകരിച്ചത്. അതായത് ഹദ്റത്ത് ഉമർ ഒരിക്കൽ തന്റെ ഗവണറിന് സന്ദേശം നല്കി, തനിക്ക് പ്രശസ്തരായ കവികളിൽ നിന്ന് പുതിയ കവിതകൾ അയച്ച് നല്കുക. അങ്ങനെ ലബീദിനോടും ഈ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം വിശുദ്ധ ഖുർആനിലെ ചില ആയത്തുകൾ എഴുതി അയക്കുകയാണ് ചെയ്തത്.

ഹദ്റത്ത് ഉസ്മാനുമായി നബി(സ)യ്ക്ക് ഉണ്ടായിരുന്ന ബന്ധവും സ്നേഹവും ഈയൊരു സംഭവത്തിൽ നിന്ന് മനസ്സിലാകുന്നു. നിവേദനത്തിൽവരുന്നു, അദ്ദേഹത്തിന്റെ വഫാത്ത് സംഭവിച്ചപ്പോൾ റസൂൽകരീം(സ) അദ്ദേഹത്തെ ചുംബിച്ചു. ആ സമയം അങ്ങയുടെ കണ്ണുകളിൽ നിന്ന് അശ്രുകണങ്ങൾ ഒഴുകുന്നുണ്ടായിരുന്നു. റസൂൽ കരീം(സ)യുടെ പ്രിയ പുത്രൻ ഇബ്റാഹീം വഫാത്തായപ്പോൾ ആ മൃതശരീരത്തോട് അവിടുന്ന് പറഞ്ഞു: اَلحِق بسلفنا الصالح عثمان ابن مظعون

നമ്മുടെ സ്വാതികനായ പ്രിയ ഉസ്മാൻ ബിൻ മസ്ഊന്റെ സമീപത്തേയ്ക്ക് പോകുക.

ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊന്റെ മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്ത സംഭവം ഇപ്രകാരമാണ്, മുഹമ്മദ് ബിൻ അംറ് വാഖിദി വിവരിക്കുന്നു, ആരുടെ എല്ലാ പുരുഷൻമാരും സ്ത്രീകളും ഒരുമിച്ച് ഹിജ്റത്ത് ചെയ്യുകയും അവരിൽപ്പെട്ട ആരുംതന്നെ മക്കയിൽ അവശേഷിക്കാത്തിരിക്കുകയും ചെയ്തുവോ അത്തരം ആളുകളിൽ മസ്ഊന്റെ കുടുംബവും ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് ഉമ്മെ അലാഅ് പറയുന്നു: റസൂലുല്ലാഹ്(സ)യും സഹാബാക്കളും മദീനയിൽ എത്തിയപ്പോൾ അവരെല്ലാവരും തങ്ങളുടെ വീടുകളിൽ താമസിച്ചെങ്കിലെന്ന് അൻസാറുകൾ ആഗ്രഹിച്ചു. അതിനായി നറുക്കെടുപ്പ് നടന്നു. ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊൻ ഞങ്ങൾക്ക് ലഭിച്ചു. നബി(സ) തിരുമേനി ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊനിനും ഹദ്റത്ത് അബൂ ഹയ്സമം ബിൻ തയ്ഹാനും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു.

ഹദ്റത്ത് ഉസ്മാൻ ബദർ യുദ്ധത്തിൽ പങ്കെടുത്തു. അദ്ദേഹം എല്ലാവരേക്കാളും വലിയ ആവേശത്തിൽ ഇബാദത്തുകൾ നിർവഹിച്ചിരുന്നു. പകൽ നോമ്പ് അനുഷ്ഠിക്കുകയും രാത്രി ആരാധനകൾ നിർവഹിക്കുകയും ചെയ്തിരുന്നു. ഭൗതീക ആഗ്രഹങ്ങളിൽ നിന്ന് രക്ഷപ്പെട്ട് നിന്നു. സ്ത്രീകളിൽ നിന്ന് വിട്ട് നിന്നു. അദ്ദേഹം റസൂലുല്ലാഹ്(സ)യോട് ലോകം ഉപേക്ഷിക്കുന്നതിനും സ്വയം വന്ധ്യംകരണം ചെയ്യുന്നതിനായും അനുവാദംചോദിച്ചു. എന്നാൽ റസൂലുല്ലാഹ്(സ) അങ്ങനെ ചെയ്യുന്നത് വിരോധിച്ചു. ഇത് ചരിത്രഗ്രന്ഥമായ അസദുൽ ഗാബയിൽ എഴുതിയിരിക്കുന്നു.

ഒരു നിവേദനത്തിൽ വരുന്നു, ഒരിക്കൽ ഹദ്റത്ത് ഉസ്മാന്റെ ഭാര്യ, പരിശുദ്ധ പത്നിമാരുടെ (നബി(സ)യുടെ പത്നിമാരുടെ) അടുത്തു വന്നു. പരിശുദ്ധ പത്നിമാർ അവരെ വലിയ അലസമായ അവസ്ഥയിൽ കണ്ടു. അവരെ കണ്ട് കൊണ്ട് പറഞ്ഞു, വസ്ത്രം അഴുക്ക് പുരണ്ടും തലമുടി പാറിപറന്നുമായിട്ടുള്ള അവസ്ഥ നിനക്ക് എങ്ങനെയുണ്ടായി? നീ അണിഞ്ഞൊരുങ്ങി നടക്കുക, നിന്റെ ഭർത്താവിനെക്കാൾ സമ്പന്നനായ മറ്റാരും തന്നെ ഖുറൈശികളിൽ ഇല്ല. ഹദ്റ

ത്ത് ഉസ്മാന്റെ ഭാര്യ പറഞ്ഞു: അതിൽ എനിക്കായി യാതൊന്നുമില്ല. അദ്ദേഹത്തിന് യാതൊരു വികാരവും എന്നോടില്ല. അദ്ദേഹം അല്ലാഹുവിന്റെ ആരാധനയിൽ മുഴുകിയിരിക്കുന്നു. എന്നെ ശ്രദ്ധിക്കുക പോലുമില്ല. പകലാണെങ്കിൽ നോമ്പും അനുഷ്ഠിക്കുന്നു. നബി കരീം(സ) വന്നപ്പോൾ ഭാര്യമാർ ഈ കാര്യം പറഞ്ഞു. ഇത് കേട്ട നബി(സ), ഹദ്റത്ത് ഉസ്മാനെ കണ്ടു. പറഞ്ഞു: എന്റെ വ്യക്തിത്വത്തിന്റെ വല്ല മാതൃകയും നിനക്ക് വേണ്ടിയുണ്ടോ? ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: അങ്ങയെ പോലെ നടക്കാനാണ് ഞാൻ ശ്രമിച്ച് കൊണ്ടിരിക്കുന്നത്. അതിൽ അവിടുന്ന് പറഞ്ഞു: നീ പകൽ മുഴുവൻ നോമ്പ് അനുഷ്ഠിക്കുകയും രാത്രി ഇബാദത്തുകൾ നിർവഹിക്കുകയും ചെയ്യുന്നുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ, അങ്ങനെ തന്നെയാണ് ചെയ്യുന്നത്. നബി(സ) പറഞ്ഞു: അങ്ങനെ നീ ചെയ്യരുത്. നിന്റെ കണ്ണുകൾക്ക് നിന്റെമേൽ അവകാശമുണ്ട്. നിന്റെ ശരീരത്തിനും നിന്റെമേൽ അവകാശമുണ്ട്. നിന്റെ കുടുംബത്തിനും നിന്റെമേൽ അവകാശമുണ്ട്. നിന്റെ ഭാര്യാമക്കൾക്കും നിന്റെമേൽ അവകാശമുണ്ട്. അതുകൊണ്ട് നമസ്കരിക്കുകയുംചെയ്യുക, ഉറങ്ങുകയും ചെയ്യുക. രാത്രി ഉണർന്ന് നഫലുകൾ നിർവഹിക്കുക. എന്നാൽ ഉറങ്ങേണ്ടതും നിർബന്ധമാണ്. നോമ്പ് അനുഷ്ഠിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുക. ഇനി നഫലായ നോമ്പുകൾ അനുഷ്ഠിക്കണമെങ്കിൽ അത് ചെയ്ത് കൊള്ളുക. എന്നാൽ ചില ദിവസങ്ങളിൽ വിടവും അതിന് ഉണ്ടാവേണ്ടതാണ്. കുറച്ച് ദിവസങ്ങൾക്ക് ശേഷം അദ്ദേഹത്തിന്റെ ഭാര്യ പരിശുദ്ധ പത്നിമാരുടെ അടുത്ത് വീണ്ടും വന്നു. ഒരു നവവധുവിനെ പോലെ തോന്നുംവിധം അവർ സുഗന്ധം പൂശിയിരുന്നു. അവർചോദിച്ചു, ഇന്ന് നല്ല ഒരുക്കത്തിലാണല്ലോ? അതിൽ മറുപടിയായി പറഞ്ഞു, ആളുകൾക്ക് ലഭിച്ച് കൊണ്ടിരുന്നത് ഇപ്പോൾ എനിക്കും കരസ്ഥമായി. അതായത് ഇപ്പോൾ ഭർത്താവ് ശ്രദ്ധിക്കുന്നുണ്ട്.

ഹദ്റത്ത് ആയിശ, അതിനെ കുറിച്ച് നിവേദനം ചെയ്യുന്നു. പറയുന്നു: റസൂലുല്ലാഹ്(സ) ഉസ്മാൻ ബിൻ മസ്ഊനെ വിളിപ്പിച്ചു. പറഞ്ഞു: നീ എന്റെ ചര്യകളെ ഇഷ്ടപ്പെടുന്നില്ലേ.? അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞാൻ അങ്ങയുടെ രീതികളെയാണ് അന്വേഷിച്ച് കൊണ്ടിരിക്കുന്നത്. നബി(സ) പറഞ്ഞു: ഞാൻ ഉറങ്ങുകയും ചെയ്യുന്നു. നമസ്കാരം നിർവഹിക്കുകയും ചെയ്യുന്നു. നോമ്പുകൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. ചിലപ്പോൾ അത് ഉപേക്ഷിക്കുകയും ചെയ്യുന്നു. സ്ത്രീകളുമായി വിവാഹവും ചെയ്തിരിക്കുന്നു. അല്ലയോ ഉസ്മാൻ! നീ അല്ലാഹുവിനെ ഭയക്കുക. നിന്റെമേൽ നിന്റെ ഭാര്യയ്ക്കും അവകാശമുണ്ട്. നിന്റെ അതിഥിക്കുംഅവകാശമുണ്ട്. നിന്റെ നഫ്സിനും നിന്റെമേൽ അവകാശമുണ്ട്. അതുകൊണ്ട് ചിലപ്പോഴെല്ലാം നോമ്പ് അനുഷ്ഠിക്കുകയുംചിലപ്പോൾ അത് ഉപേക്ഷിക്കുകയുംചെയ്യുക. നമസ്കരിക്കുകയുംഅതുപോലെഉറങ്ങുകയുംചെയ്യുക.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു. ഉസ്മാൻ ബിൻ മസ്ഊൻ ജാഹിലിയ്യാ കാലത്ത് തന്നെ മദ്യം ഉപേക്ഷിച്ചിരുന്നു. ഇസ്‌ലാമിൽ അദ്ദേഹം ഏകാന്തവാസം സ്വീകരിക്കാൻ തീരുമാനിച്ചു. എന്നാൽ നബി (സ) പറഞ്ഞു, ഇസ്‌ലാമിൽ സന്ന്യാസമില്ല. അതിന് അനുവാദവുമില്ല.

ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊൻ മദീനയിൽ വഫാത്തായ ആദ്യമുഹാജിറാണ്. അദ്ദേഹം ഹിജ്റ 2ന് വഫാത്തായി. ചിലർ അദ്ദേഹത്തിന്റെ വഫാത്ത് ബദർ യുദ്ധത്തിന് 22 മാസങ്ങൾക്ക് ശേഷമാണെന്ന് പറയുന്നു. അദ്ദേഹം ജന്നത്തുൽ ബഖീയിൽ മറവ്ചെയ്യപ്പെട്ട ആദ്യവ്യക്തിയാണ്. എന്നിരുന്നാലും അദ്ദേഹത്തെ കുറിച്ച് ഇനിയും ചില കാര്യങ്ങൾ ഉണ്ട്. ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 19.04.2019
Malayalam Translation : **Mou.Hashim Ashraf** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516